"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -തൃശ്ശൂർ ജില്ല -ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ 2024-2025 വാർഷിക പദ്ധതി - തെരുവ് വിളക്ക് പരിപാലനം (പ്രോ.നം 394/25) എന്ന പദ്ധതിയുടെ ഇ-ടെണ്ടർ സുജിത് ഇലക്ട്രിക്കൽസിന് നൽകാൻ തീരുമാനിച്ച ഭരണസമിതി തീരുമാനം താൽക്കാലികമായി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.874/2025/LSGD തീയതി,തിരുവനന്തപുരം, 31-03-2025

---

പരാമർശം:-
1. പഞ്ചായത്ത് ഭരണസമിതിയുടെ 13.02.2025 ലെ 4/1 തീരുമാനം
2. പഞ്ചായത്ത് ഭരണസമിതിയുടെ 20/2/2025 ലെ 2(1) തീരുമാനം
3. ചൂണ്ടൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.02.2025 ലെ SC2/394/2025 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ ഗ്രാമപഞ്ചായത്തിൽ 2024-2025 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണം നടത്തുന്ന തെരുവ് വിളക്ക് പരിപാലനം (പ്രോ.നം. 394/25) എന്ന പദ്ധതിയുടെ ഇ-ടെണ്ടർ ക്ഷണിച്ചത് അംഗീകരിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത കമ്പനിയായ DECCAN ASSOCIATES എന്ന സ്ഥാപനമാണെന്നും, കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്നതിനാലും, സമയബന്ധിതമായി സർവ്വീസ് നൽകുമോയെന്ന കാര്യത്തിൽ ഭരണസമിതിയ്ക്ക് സംശയമുള്ളതിനാലും, ടെണ്ടറിൽ രണ്ടാം സ്ഥാനത്ത് എത്തിയതും ടി പഞ്ചായത്തിലുള്ളതിലായതുമായ സുജിത് ഇലക്ട്രിക്കൽസ് കഴിഞ്ഞ 8 വർഷത്തോളമായി പരാതിയ്ക്കിട നൽകാതെ സമയബന്ധിതമായി സേവനം ചെയ്ത് വരുന്നതിനാലും, സുജിത് ഇലക്ട്രിക്കൽസുമായി നെഗോസിയേഷൻ നടത്തി കരാർ നൽകുന്നതിന് 14 പേരുടെ ഭൂരിപക്ഷത്തിൽ പഞ്ചായത്ത് ഭരണസമിതി പരാമർശം (1) പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു.

2) തുടർന്ന് ടി തീരുമാനം നിയമാനുസൃതമല്ലാത്തതിനാൽ പുന:പരിശോധിക്കണമെന്ന് പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 20-02-2025 ലെ യോഗത്തിൽ ചർച്ച ചെയ്യുകയും ഇ-ടെണ്ടറിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത 'DECCAN ASSOCIATES' എന്ന സ്ഥാപനം സമീപ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളും പ്രവൃത്തി കൃത്യമായി നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ടി തിരുമാനം പുനഃപരിശോധിക്കേണ്ടതില്ലെന്ന് 14

അംഗ ഭൂരിപക്ഷത്തോടെ പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തു. ടി തീരുമാനത്തോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഭിന്നാഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. കൂടാതെ 1. ആന്റോ പോൾ -മെമ്പർ (വാർഡ്-6) 2. സജിത്കുമാർ -മെമ്പർ (വാർഡ്-4) 3.ധനേഷ് ചുള്ളിക്കാട്ടിൽ -മെമ്പർ (വാർഡ്-10) 4. നജില സിറാജുദ്ദീൻ - മെമ്പർ (വാർഡ്-5) എന്നീ മെമ്പർമാർ വിയോജിപ്പ് രേഖപ്പെടുത്തുകയുണ്ടായി. ഇ-ടെണ്ടർ നടത്തിയ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിക്കേണ്ടതെന്നിരിക്കെ ടെണ്ടർ നടപടികളുടെ അന്തസത്തയ്ക്കും, പഞ്ചായത്ത് പ്രൊക്യൂർമെന്റ് മാനുവൽ, സ്റ്റോർ പർച്ചേസ് മാനുവൽ എന്നിവയിലെ വ്യവസ്ഥകൾക്കും എതിരായ ഭരണസമിതി തീരുമാനം കൈക്കൊണ്ടതിനെതിരെ 1994 ലെ പഞ്ചായത്ത് രാജ് ആക്ട് 182 (iii)-ാം വകുപ്പ് പ്രകാരമുള്ള സർക്കാർ തീരുമാനം ലഭ്യമാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സർക്കാരിൽ ശിപാർശ ചെയ്തു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (3) ലെ വിയോജനക്കുറിപ്പ് പരിഗണിച്ച് പരാമർശം (1) & പരാമർശം (2) എന്നീ തീയതികളിലെ പഞ്ചായത്ത് സമിതി തീരുമാനങ്ങൾ 1994 ലെ പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 191(2) ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ടി ആക്ടിലെ സെക്ഷൻ 271-(ജി) പ്രകാരം രൂപീകരിച്ച ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ചുകൊണ്ടും, ടി ആക്ടിലെ സെക്ഷൻ 191(4) പ്രകാരം പരാമർശം (1) ലെ പഞ്ചായത്ത് സമിതി തീരുമാനം സെക്ഷൻ 191(2) പ്രകാരമുള്ള നടപടിക്രമം പൂർത്തിയാക്കി അവസാനം തീർപ്പുകൽപ്പിക്കുന്നതുവരെ ടി തീരുമാനങ്ങൾ താൽക്കാലികമായി റദ്ദ് ചെയ്ത് ആയതിന്റെ അടിസ്ഥാനത്തിൽ L2 സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുന്നത് താത്കാലികമായി നിർത്തി വയ്ക്കുന്നതിന് ചൂണ്ടൽ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ , സാഫല്യം കോംപ്ലക്സ്, പാളയം
2.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
3. സെക്രട്ടറി, ചൂണ്ടൽ ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ ജില്ല
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ.
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ &പി ആർ ഡി
7. കരുതൽ ഫയൽ (ഡി.ബി3/99/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 01-04-2025 13:12:14